(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/1711/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ, തീയതി:30.12.2016
Ph:04862-227332
doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ഇരട്ടയാർ ഗ്രാമപഞ്ചായത്ത് -2015-16ലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-6 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-9/1711/2016

തീയതി:30.12.2016

# ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.01.2016 മുതൽ 21.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.12.2016 മുതൽ 29.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.കെ വിനോദ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സജിമോൻ വി ജി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മേജോ കെ ജോർജ്ജ്, സീ. ഗ്രേ ഓഡിറ്റർ |
| | ശ്രീ. ബാബുരാജ് കെ. ബി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ഷാജി ശൗര്യാംകുഴ | 01.04.2015മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മറ്റി | 01.11.2015 മുതൽ 17.11.2015 വരെ |
| | ശ്രീമതി.ആനിയമ്മ | 18.11.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| | ജോസഫ് | |
| സെക്രട്ടറി | ശ്രീ.എ സി മാത്യൂ | 01.04.2015മുതൽ 31.07.2015വരെ |
| | ശ്രീ. എ അനിൽകുമാർ | 01.08.2015മുതൽ 10.08.2015വരെ |
| | ശ്രീ. പി എസ് വിനയൻ | 11.08.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ജോസഫ് തോമസ് | 11.08.2015 മുതൽ 31.03.2016 വരെ |
| | ശ്രീമതി. | 01.04.2015മുതൽ 31.12.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ശ്രീകുമാർ എസ് | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. അജീശ് കുര്യൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ശ്രീമതി.സാലി വൈ | 01.04.2015മുതൽ 14.09.2015 വരെ |
| | ശ്രീമതി ലക്ഷ്മി ടി ജി | 15.09.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഹനീഷ് എച്ച് | 01.04.2015മുതൽ 05.08.2015 വരെ |
| | ഡോ. പ്രസാന്തി വി കെ | 06.08.2015 മുതൽ 11.01.2016 വരെ |
| | ഡോ. ശ്രീപ്രിയ ജെ | 12.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.തങ്കമ്മ ജെ | 01.04.2015 മുതൽ 31.12.2015 വരെ |
| | ഡോ. ജിനേഷ് ജെ മേനോൻ | 01.01.2016 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സജ്ന എസ് യു | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ടെസി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| II | ഭാഗം 2 | |
| 13 | കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു | 2-1 |
| 14 | ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ് | 2-2 |
| 15 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വാടക ലഭിക്കുന്നില്ല. | 2-3 |
| 16 | വസ്തു നികുതി കുടിശ്ശിക-സംബന്ധിച്ച് | 2-4 |
| 17 | ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ്,തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല | 2-5 |

| | | |
|---|---|---|
| III | ഭാഗം 3 | |
| 18 | റോഡ് നിർമ്മാണം- മെറ്റലിങ്ങിൽ മാത്രം അവശേഷിക്കുന്നു | 3-1 |
| 19 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ബസ് സ്റ്റോപ്പ് നിർമാണം | 3-2 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-രണ്ട് സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല. | 3-3 |
| 21 | പശ്ചിമഘട്ട വികസന പദ്ധതി--പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-4 |
| 22 | മീഡിയാശ്രീ-പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല | 3-5 |
| 23 | ജവഹർലാൽ നെഹ്റു ഭവനപദ്ധതി- രണ്ട് ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല. | 3-6 |
| IV | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| V | അനുബന്ധം | |

| | | |
|---|---|---|
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015ലെ കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 27.02.2015 ലെ സ.ഉ (സാധാ).40/2015/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 18.03.2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.05.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,60,49,935.00 |
| വരവ് | 4,12,08,356.00 |
| ആകെ | 5,72,58,291.00 |
| ചെലവ് | 4,69,99,900.00 |
| നീക്കിയിരിപ്പ് | 1,02,58,391.00 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമ പഞ്ചായത്തിന് അനുവദിച്ച ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി പത്രിക, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ച പ്രകാരം ഗ്രാമ പഞ്ചായത്തിന് 2015-16 ൽ ലഭ്യമായ വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ലഭ്യമായ ഫണ്ട് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16,57,557 | 1,00,97,338 | 1,17,54,895 | 1,02,32,839 | 87.05 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 1,03,680 | 15,42,000 | 16,45,680 | 13,69,108 | 83.2 |
| വികസനഫണ്ട് ടി.എസ്.പി. | 1,09,729 | 1,09,000 | 2,18,729 | 2,01,753 | 92.24 |
| സംരക്ഷണഗ്രാന്റ് റോഡ് | 2,93,953 | 71,08,000 | 74,01,953 | 73,85,898 | 99.78 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11,37,420 | 30,84,000 | 42,21,240 | 41,33,479 | 97.92 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11,63,176 | 39,56,048 | 51,19,224 | 50,03,980 | 97.75 |
| പെർഫോമൻസ് ഗ്രാന്റ് | 31,75,000 | 0 | 31,75,000 | 31,75,000 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2,180 | 2,78,82,088 | 2,78,84,298 | 2,78,84,298 | 100 |
| ബി ഫണ്ട് | 0 | 1,27,93,443 | 1,27,93,443 | 1,27,93,443 | 100 |

14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ വിഹിതം മുൻവർഷങ്ങളിലേതുപോലെ രസീത് ചെയ്താണ് എടുത്തത്. മേൽ അലോട്ട്മെന്റ് ഉൾപ്പടെ 30.10.2015ലെ നീക്കിയിരിപ്പ് വികസന ഫണ്ട്-പൊതു വിഭാഗത്തിലേക്ക് മാറ്റുകയും പിന്നീട് നീക്കിയിരിപ്പ് തുക അലോട്ട്മെന്റായി ലഭിച്ച ശേഷം റിവേഴ്സ് എൻട്രി നടത്തി കറക്ട് ചെയ്തിട്ടുള്ളതിനാൽ വാർഷിക കണക്കുകളിലെ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഒന്നാം വിഹിതം ഇരട്ടിച്ച് വന്നിട്ടുണ്ട്.

30.10.2015ന് എസ്.സി.പി, ടി.എസ്.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം- അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നീക്കിയിരുപ്പ് തുക 4,14,463.00 (3,680.00+910.00+3,91,334.00+18,539.00) വികസനഫണ്ട്-പൊതുവിഭാഗത്തിലേക്ക് വകയിരുത്തിയിട്ടുണ്ട്.

വികസനഫണ്ട്-പൊതുവിഭാഗത്തിന്റെ ബജറ്റ് വിഹിതം 85,00,000/- ആയിരുന്നുവെങ്കിലും 2014-15 ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികം ലഭിച്ച വിഹിതം 12,61,784/- കുറവ് ചെയ്ത തുകയാണ് (72,38,216.00) 2015-16ൽ ലഭിച്ചത്.

വികസനഫണ്ട് -പൊതുവിഭാഗത്തിൽ 2015-16 വർഷം അധിക ഗ്രാന്റായി 7,67,967/- രൂപ ലഭിച്ചിട്ടുണ്ട്.

2014-15 ലെ നികുതി പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വികസന ഫണ്ട് പൊതുവിഭാഗത്തിന് 16,76,692/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 6,60,422/- രൂപയും അധിക വിഹിതം ലഭ്യമായി.

റോഡ് സംരക്ഷണ ഗ്രാന്റ് മുന്നിരിപ്പ് തുക കുറവായിരുന്നതിനാലും ബിൽ ഹാജരാക്കിയ വേളയിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലായിരുന്നതിനാലും റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 4,93,330/- വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 5,69,79,615.00 | 120 | 3,52,08,073.00 | | 14 | 89.55 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 90 ശതമാനവും നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റ് മേഖലകളെ അപേക്ഷിച്ച്, ഉൽപാദന മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കുറവാണ്. ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും കൃഷി അനുബന്ധ ജോലികളിൽ എർപ്പെടുന്നവരായതിനാൽ ഉൽപാദന മേഖലയുടെ ഉന്നമനത്തിന് കൂടുതൽ പ്രോജക്ടുകൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പൊതുവിഭാഗത്തിൽ ആവിഷ്കരിച്ച 102 പ്രോജക്ടുകളിൽ 82 പ്രോജക്ടുകളും (80 ശതമാനം) നടപ്പാക്കിയിട്ടുണ്ട്. ജവഹർഭവനപദ്ധതിക്കായി 28,00,000 അടങ്കലിൽ വായ്പാബന്ധിതമായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും വായ്പ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കിയില്ല. സമ്പൂർണ്ണ സാനിറ്ററി കക്കൂസ് നിർമ്മാണത്തിനായി 25,20,000 കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തിയിരുന്നവെങ്കിലും സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ഫണ്ട് 2016-17 സാമ്പത്തിക വർഷം മാത്രമാണ് ലഭ്യമായത്.

പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച 7 പ്രോജക്ടുകളിൽ 6 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 2 പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ ലഭ്യമായ തുകയുടെ 83.00 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ ലഭ്യമായ തുകയുടെ 92 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 8.18 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 31,77,653 | 27,69,343 | (-) 4,08,310 | (-) 12.85 |
| നികുതിയേതര വരവുകൾ | 5,97,579 | 7,21,768 | 1,24,189 | 20.78 |
| മറ്റുവരവുകൾ | 3,15,255 | 2,64,884 | (-) 50,371 | (-) 15.98 |
| ആകെ | 40,90,487 | 37,55,995 | (-) 3,34,492 | (-) 8.18 |

മുൻവർഷത്തെ റിപ്പോർട്ടിൽ തനത് വരുമാനം കണക്കാക്കിയപ്പോൾ നികുതിയേതര വരുമാനത്തിൽ ഓഡിറ്റ് റിക്കവറി തുകയും, പലിശ ലഭിച്ച തുകയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, അഡ്വാൻസ് ആയി ലഭിച്ച വരവുകൾ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ, മറ്റു വരവുകൾ കണക്കാക്കിയതിൽ പൊതു ഉദ്ദേശ്യ ഗ്രാന്റ് ഉൾപ്പെടുത്തി. അതിനാൽ 2014-15ലെ നികുതിയേതര വരവുകളിൽ അഡ്വാൻസ് കളക്ഷൻ ഉൾപ്പെടുത്തുകയും ഓഡിറ്റ് റിക്കവറി, പലിശ വരവ് എന്നിവ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വരവുകളിൽ പൊതു ഉദ്ദേശ്യ ഗ്രാന്റ് ഒഴിവാക്കി പലിശ വരവ് ഉൾപ്പെടുത്തി മാറ്റം വരുത്തിയിട്ടുണ്ട്.മുൻ റിപ്പോർട്ടിൽ നികുതിയേതര വരവുകൾ, മറ്റു വരവുകൾ 7,86,809/-, 55,02,163/-എന്നത് യഥാക്രമം 5,97,579/-, 3,15,225/- എന്നാക്കി മാറ്റം വരുത്തിയിരിക്കുന്നു.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65,880 | 43 |
| വാർദ്ധക്യകാല പെൻഷൻ | 55,36,200 | 137 |
| കർഷക തൊഴിലാളി പെൻഷൻ | 10,07,400 | 11 |
| വിധവ പെൻഷൻ | 39,69,600 | 30 |
| 50 വയസിൻ മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ | 1,36,800 | 5 |
| വികലാംഗ പെൻഷൻ | 20,61,700 | 45 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹794/- (എഴുന്നൂറ്റ് തൊണ്ണൂറ്റി നാല് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളെല്ലാം തൃപ്തികരമായ രീതിയിൽ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മറ്റി, ഗ്രാമസഭ യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ എന്നിവയുടെ മിനട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്. തനത് വരുമാനങ്ങൾ കൂട്ടുന്നതിനും പുതിയ നികുതി സ്രോതസുകൾ കണ്ടെത്തുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ ശ്രമങ്ങൾ ഉണ്ടാകുന്നുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും പഞ്ചായത്ത് പുലർത്തുന്ന സമീപനം അഭിനന്ദാർഹമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.2016-16.12.2016 | 2016 നവംബർ | 09/2016 ലെ റിപ്പോർട്ട് 05.12.2016 ൽ ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2009-16.06.2009 | 2008-09 വരെ | 14.07.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വാല്യുവേഷൻ നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്ത് സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

2015-16 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ ചിലത് Random selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ്ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട നം | ഉപയോഗം |
|---|---|---|---|
| 18 | ലില്ലി ഔസേഫ്, വട്ടക്കുന്നേൽ | 1/330 | ഹയറിംഗ് സെന്റർ |
| 45 | ഷീല സെബാസ്റ്റ്യൻ, വാതല്ലൂർ | X/47 | പലചരക്ക് കച്ചവടം |
| 100 | സിജോ ജോൺ, പരപ്പള്ളിക്കുന്നേൽ | XII/320 | കേറ്ററിംഗ് സർവ്വീസ് |
| 113 | മഹേഷ് പി എം, പൂവങ്കനാൽ | III/422 | ഫർണിച്ചർ നിർമ്മാണം |

ആകെ ഡി&ഒ ലൈസൻസ് അനുവദിച്ച 151 അപേക്ഷകളിൽ 27 അപേക്ഷകൾ പരിശോധിച്ചപ്പോൾ തന്നെ അതിൽ 4 എണ്ണം താമസാവശ്യ ത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ മൊത്തം അപേക്ഷകൾ പരിശോധിച്ചാൽ ഇത്തരം കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. ആകയാൽ, മേൽപരാമർശിച്ചത് കൂടാതെ, ഡി&ഒ ലൈസൻസ് അനുവദിച്ച മറ്റ് 124 അപേക്ഷകളും പരിശോധിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-2 ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ്

താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള അവരുടെ പ്രതിദിന വിറ്റുവരവിന് അനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല .

| രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവായി ഈടാക്കിയത് |
|---|---|---|---|---|---|
| 44 | സെക്രട്ടറി, ഇരട്ടയാർ SCB | 25000 | 500 | 200 | 300 |
| 91 | ആനിയമ്മ തോമസ്, വടക്കേപ്പ്ലാമൂട്ടിൽ | 20000 | 500 | 200 | 300 |
| 92 | തോമസ് വി ജെ, വടക്കേപ്പ്ലാമൂട്ടിൽ | 20000 | 500 | 200 | 300 |
| 96 | സജി ഡോമിനിക്, വടക്കേടത്ത് | 20000 | 500 | 200 | 300 |

ഇപ്രകാരം കുറവായി ഈടാക്കിയ ലൈസൻസ് ഫീസ് ബന്ധപ്പെട്ട അപേക്ഷകരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-3 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വാടക ലഭിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇരട്ടയാറുള്ള VII/655 നമ്പർ കെട്ടിടത്തിൽ 19.08.2006 മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ പ്രവർത്തിച്ചു വരുന്നു. സപ്ലൈകോ കോട്ടയം റീജിയണൽ മാനേജരുടെ 02.01.2014ലെ ജി 1-733/12 നമ്പർ നടപടി ക്രമമനുസരിച്ച് 19.08.2006 മുതൽ പ്രതിമാസ വാടക ₹713/-നിരക്കിലും ഓരോ മൂന്ന് വർഷം കൂടുമ്പോഴും 15% വർദ്ധനവും അനുവദിച്ച് ഉത്തരവാകുകയും തുടർന്ന് ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സപ്ലൈകോ നെടുങ്കണ്ടം ഡിപ്പോ അസിസ്റ്റന്റ് മാനേജരും തമ്മിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വാടകക്കരാറിൽ എല്ലാ മാസവും 7ാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ വാടക അടച്ചുകൊള്ളുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് എങ്കിലും നാളിതുവരെ തുകയൊന്നും ഒടുക്കിയിട്ടില്ല. വാടകയിനത്തിലുള്ള കുടിശിക പലിശ സഹിതം സപ്ലൈകോയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കുടിശ്ശിക-സംബന്ധിച്ച്

2015-16 വാർഷിക ധനകാര്യ പത്രിക അനുസരിച്ച് വസ്തു നികുതിയിൽ വൻകുടിശിക നിലനിൽക്കുന്നു. ധനകാര്യപത്രികയുടെ ബി 15 പട്ടികപ്രകാരം തന്നാണ്ടു കുടിശിക ₹692640/-യും മുൻവർഷ കുടിശിക ₹312182/-യും ഉൾപ്പെടെ ആകെ ഈയിനത്തിലെ കുടിശിക ₹10,04,822/-യാണ്. കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ചില പ്രധാന കുടിശിക വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | വാർഷിക കുടിശിക | കുടിശിക കാലയളവ് |
|---|---|---|---|---|
| 1 | 1/388 | വയർലെസ് ടി ടി ഇൻഫോ സർവ്വീസ് | 12000 | 2013-14 മുതൽ |
| 2 | VII/657 | ഭാരതി എയർടെൽ | 24000 | 2013-14 മുതൽ |
| 3 | VII/659 | ഐഡിയ സെല്ലുലാർ | 18000 | 2015-16 മുതൽ |

| | | | | |
|---|---|---|---|---|
| 4 | XI/166 | ഇൻഡസ് ടവ്വേഴ്സ് | 18000 | 2015-16 മുതൽ |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(1)-ാം വകുപ്പനുസരിച്ച് ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചതടക്കമുള്ള കുടിശിക തുകകൾ പിരിച്ചെടുക്കുന്നതിനും തൻവർഷ നികുതികൾ കാലികമായി പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ്,തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ക്രമ നം.149 പ്രകാരം റീട്ടെയ്ൽ റേഷൻ ഡിപ്പോകളും ഡി&ഒ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതിയും ഈടാക്കുന്നില്ല. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുകയും അതനുസരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഡി&ഒ ട്രേഡ് ലൈസൻസോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

24.11.95ന് 32985/എൽ 2/95 നമ്പറിൽ ത.സ്വ.ഭ.വ സെക്രട്ടറി വൈദ്യുതി ബോർഡ് സെക്രട്ടറിക്കയച്ച കത്ത് പ്രകാരവും 24.10.2000 ൽ 19577/ എൽ 2/97 നമ്പറിൽ ത.സ്വ.ഭ.വ സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്കയച്ച കത്ത് പ്രകാരവും യഥാക്രമം കെ.എസ്.ഇ.ബി, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്നു എങ്കിലും ആയത് ഈടാക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണലുകളുടെയും വിവരങ്ങളടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കുന്നതിനും അതനുസരിച്ച് സ്ഥാപനങ്ങളുടെ/ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് നിർമ്മാണം- മെറ്റലിങ്ങിൽ മാത്രം അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് 2015-16-ൽ ഏറ്റെടുത്ത ചില റോഡുനിർമാണ പ്രവൃത്തികൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷനനുസരിച്ച് സോളിംഗ് നടത്തിയശേഷം സീസണിങ്ങിന് വേണ്ടി ഒരു വർഷം വരെയുള്ള കാലയളവ് അനുവദനീയമാണെങ്കിലും റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാതെയാണ് അതുവരെ സൂക്ഷിക്കേണ്ടത്. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ (ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള മെറ്റലിങ്ങ്) വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യുന്നു. അതാത് വർഷത്തെ പ്രോജക്ടുകളിൽ സേവിംഗ്സ് ലഭിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ ആസ്തിപരിപാലന ഗ്രാന്റ് റോഡ് വിഹിതം വകയിരുത്തുന്നതിനും സ്വീകരിക്കുന്ന ഇത്തരം കുറുക്കു വഴികൾ മൂലം പഞ്ചായത്തിന് ആത്യന്തികമായി വൻ സാമ്പത്തിക നഷ്ടവും(തൻ വ്യയം മുതൽ വളരെ

ഉയർന്നനിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക.) ജനങ്ങൾക്ക് കൊടിയ യാത്രാക്ലേശവും ഉണ്ടാകുന്നുണ്ട്. 2015-16ൽ മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റ് നം, പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | എസ്102/16വരകിൽപ്പടി മഠംപടി റോഡ് സോളിംഗ് | 149523 |
| 2 | എസ് 085/16 മണിയമ്പ്രപടി ജനതാപടി റോഡ് സോളിംഗ് | 459959 |
| 3 | എസ് 100/16 ഇടിഞ്ഞമല കുരിശുമല റോഡ് സോളിംഗ് | 199657 |
| 4 | എസ് 027/16 കുഴിയാനിപ്പള്ളിപ്പടി അംഗൻവാടി റോഡ് സോളിംഗ് | 270000 |
| 5 | എസ് 024/16ഉറുമ്പിൽപ്പടി പാലമറ്റംപടി റോഡ് സോളിംഗ് | 274409 |
| 6 | എസ് 094/16ശാന്തിഗ്രാം 4സെന്റ് കോളനി സെന്റ് ജൂഡ് പള്ളിപ്പടി റോഡ് സോളിംഗ് | 492144 |
| 7 | എസ് 078/16കുരിശുംമൂട്പടി ഡാം സൈറ്റ് റോഡ് സോളിംഗ് | 214670 |
| 8 | എസ് 093/16നീലാണ്ടൻ കവല പള്ളിക്കവല റോഡിൽ സംരക്ഷണഭിത്തിയും സോളിംഗും | 100000 |
| 9 | എസ് 023/16തോമാച്ചിപ്പടി-ഉറുമ്പോലിപ്പടി റോഡ് സോളിംഗ് | 295000 |
| 10 | എസ് 025/16തകടിയേൽപ്പടി കൊങ്ങമലപ്പടി റോഡ് സോളിംഗ് | 170000 |
| 11 | എസ് 079/16 മാളികപ്പുറത്ത് പടി ചേലയ്ക്കൽകവല റോഡ് | 448458 |
| 12 | എസ് 103/16 ഉറുമ്പോലിപ്പടി തോവാളമെട്ട് റോഡ് | 398357 |
| 13 | എസ് 072/16എഴുകുംവയൽ പള്ളിക്കവല റോഡ് സോളിംഗ് | 200000 |

പ്രസ്തുത പ്രവൃത്തികളിൽ മിക്കവയും 2012 ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ളവയാണ്. നിർവഹണം പാതി വഴിയിൽ അവസാനിപ്പിച്ച നടപടി പ്രസ്തുത നിരക്കിന്റെ ഇരട്ടിയിലധികം വരുന്ന ഡൽഹി ഷെഡ്യൂൾ നിരക്കിൽ തുക ചെലവഴിക്കേണ്ട സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത് . താഴെ നല്കിയിട്ടുള്ള ഉദാഹരണത്തിൽ നിന്ന് ഇക്കാര്യം വ്യക്തമാകുന്നതാണ്.

| ഇനം | 2012-ലെ ഷെഡ്യൂൾ നിരക്ക്അനുസരിച്ചുള്ള തുക | ഡൽഹി ഷെഡ്യൂൾ നിരക്ക്അനുസരിച്ചുള്ള തുക |
|---|---|---|
| 20എംഎം ചിപ്പിംഗ്കാർപ്പറ്റ് | 1952രൂപ/10ചതുരശ്ര മീറ്റർ | 3404രൂപ/10ചതുരശ്ര മീറ്റർ(16.30.1+16.32.2+16.41) |

| | | |
|---|---|---|
| വിരിയ്ക്കൽ | | കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കിയുള്ള നിരക്കാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. |

ഇവ പൂർത്തീകരിക്കുന്നതിന് 2016-17-ൽ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ലായെന്നത് (ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച നടപ്പു വർഷത്തെ പ്രോജക്ടുകളുടെ പട്ടികയിൽ പ്രസ്തുത പ്രോജക്ടുകൾ ഉൾപ്പെട്ടിട്ടില്ല.) പ്രത്യേകം പ്രസ്താവ്യമാണ്. ആകയാൽ ടാറിംഗ് പ്രവൃത്തി നടത്തേണ്ട വേളയിൽ സോളിംഗ് ഉൾപ്പടെയുള്ള ഇനങ്ങൾ ആവർത്തിക്കേണ്ടി വരുമെന്നത് നിസ്തർക്കമായ കാര്യമാണ്. ടി പ്രവൃത്തികൾകൂടി നടപ്പു സാമ്പത്തികവർഷത്തെ പദ്ധതിയിലുൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭാവിയിൽ ഭീമമായ അധികച്ചെലവിന് വഴിവയ്ക്കുമെന്നതിനാൽ മെറ്റലിങ്ങ് മാത്രമായി നടത്തുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## **3-2** സർക്കാർ ഉത്തരവിന് വിരുദ്ധമായി ബസ് സ്റ്റോപ്പ് നിർമാണം-തടസ്സം **₹109397/-**

1) പ്രോജക്ട് നം : എസ്029/16

പേര് : ഈട്ടിത്തോപ്പ് വെയിറ്റിംഗ് ഷെഡ് നിർമാണം

ചെലവ് തുക : 54727/-(ലോകബാങ്ക് ധനസഹായം)ഡി.ഡി.നം.762445/തീ.31.10.2015

2) പ്രോജക്ട് നം : എസ്077/16

പേര് : പാച്ചോലിപ്പടി വെയിറ്റിംഗ് ഷെഡ് നിർമാണം

ചെലവ് തുക : 54670/-(വികസനഫണ്ട് പൊതുവിഭാഗം )ഡി.ഡി.നം.766961/തീ.02.04.2016

പൊതുമരാമത്തു വകുപ്പിന്റെ 03.07.2014 -ലെ ജി.ഒ.(ആർടി) 932/2014 നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മറ്റു ഏജൻസികളെയും പൊതുമരാമത്ത് റോഡുവക്കിൽ ബസ് സ്റ്റോപ്പ് നിർമിക്കുന്നതിൽനിന്ന് സർക്കാർ കർശനമായി വിലക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നിലനിൽക്കെയാണ് ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയത്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയ നടപടി അംഗീകരിക്കുന്നില്ല. ആകയാൽ രണ്ടു പ്രോജക്ടുകൾക്കുമായി ആകെ ചെലവഴിച്ച 1,09,397/- രൂപ (54727+54670) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-3** പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-രണ്ട് സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല-തടസ്സം **₹9800/-**

| | |
|---|---|
| പ്രോജക്ട് നം. | 69/2015-16 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |
| ബിൽ നം./തിയതി/തുക | 2/2015-16/31.12.2015/ 44100/- |

പത്താം ക്ലാസിൽ പഠിക്കുന്ന ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട

വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും സൈക്കിളൊന്നിന് 4900/- നിരക്കിൽ 9 സൈക്കിളുകൾ വാങ്ങുകയും ചെയ്തു. എന്നാൽ ഏഴ് സൈക്കിളുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ അഭാവം മൂലമാണ് രണ്ട് സൈക്കിളുകൾ വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത് എന്നും 2016-17 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി സൈക്കിളുകൾ വിതരണം ചെയ്യുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് അറിയിച്ചു. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന സൈക്കിളുകൾ അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ സത്വര നടപടികൾ ചെയ്യേണ്ടതാണ്. രണ്ട് സൈക്കിളുകളുടെ വിലയായ ₹9800/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-4 പശ്ചിമഘട്ട വികസന പദ്ധതി--പ്രവർത്തനം ആരംഭിച്ചിട്ടില്ല

പശ്ചിമഘട്ട വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട മേലേചിന്നാർ നീർത്തട പരിപാലന പ്രോജക്ടിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 7,17,516/-രൂപയും കേന്ദ്ര സർക്കാർ വിഹിതമായ 9,07,000/-രൂപയും പിൻവലിച്ച് ചെയർമാന്റെയും (ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്) കൺവീനറുടെയും (കൃഷി ഓഫീസർ) പേരിൽ തുടങ്ങിയ സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. നീർത്തട പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-5 മീഡിയാശ്രീ-പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല-തടസ്സം ₹65000/-

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 42/2016 |
| ഡി.ഡി നം./തുക | 61503/16.09.2015-65,000/- |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.02.2015 ലെ സ.ഉ (സാധാ) 462/2015 ലെ നിർദ്ദേശാനുസരണം ₹65000/- പ്രകാരം കുടുംബശ്രീ ജില്ല മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/-ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-6 ജവഹർലാൽ നെഹ്റു ഭവനപദ്ധതി- രണ്ട് ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടപ്പാക്കിയ ജവഹർലാൽ നെഹ്റു ഭവനപദ്ധതിയിൽ വീടിന് ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | പേര് | അനുവദിച്ച തുക | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സോണി സജി, ഇലവുങ്കൽ, തുളസിപ്പാറ | 2,00,000 | 40,000 | 1,60,000 |
| 2 | സജി ഗോവിന്ദൻ, അരിപ്പാറയിൽ, ഇരട്ടയാർ നോർത്ത് | 2,00,000 | 1,80,000 | 20,000 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| നിർമ്മിതി കേന്ദ്രം | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 21501066/ 31.3.2016 | 7,50,000 | - | 7,50,000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3,60,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി | നം. 300607/ഡി.ബി. 1/2015/ ത.സ്വ.ഭ.വ /11.11.2015 | 3,60,000 | 0 | 0 | 0 | 3,60,000 |

നം. 300607/ഡി.ബി. 1/2015/ത.സ്വ.ഭ.വ /11.11.2015 കത്ത് പ്രകാരം 28 ലക്ഷം രൂപയാണ് വായ്പയെടുക്കുവാൻ അനുവദിച്ചിട്ടുള്ളത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,663/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-2 | 5,855 | ശ്രീ. എസ് സാഗരൻ, അസി. എഞ്ചിനിയർ | 11501101539/ 27.1.2016 |
| 2005-06 | 3-2 | 808 | ശ്രീ. എ. സി മാത്യു, സെക്രട്ടറി | 11501100896/ 8.10.2015 |
| ആകെ | | 6,663.00 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | ഇല്ല | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,72,58,291.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,69,99,900.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,84,197.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| | | ഇല്ല | |

(സി) ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,09,397.00 | |
| 3-3 | 9,800.00 | ശ്രീമതി. ടെസി തോമസ്, ഹെഡ് മിസ്ട്രസ് |
| 3-5 | 65,000.00 | ശ്രീ. പി എസ് വിനയൻ, സെക്രട്ടറി |
| ആകെ | 1,84,197.00 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഇല്ല |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

താഴെ കാണിച്ചിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റ വിവരം |
|---|---|
| 1990-91 | എൽ.എഫ്.ഐ-6/199/1993 തി.26.03.1993 |
| 1990-91 | എൽ.എഫ്.ഐ-6/199/1993 തി.26.03.1993 |

| | |
|---|---|
| 1995-96 | എൽ.എഫ്.ഐ-6/174//1999 തീ.30.04.1999 |
| 1996-97 | എൽ.എഫ്.ഐ-6/342/1993 തീ.31.05.1999 |
| 1997-98 | എൽ.എഫ്.ഐ-6/74/1998 തീ.20.08.2000 |
| 1998-99 | എൽ.എഫ്.ഐ-6/429/2000 തീ.25.10.2000 |
| 1999-00 | എൽ.എഫ്.ഐ-6/449/2001 തീ.01.02.2002 |
| 2000-01 | എൽ.എഫ്.ഐ-6/726/2002 തീ.26.03.2003 |
| 2001-02 | എൽ.എഫ്.ഐ-6/17/2004 തീ.07.07.2004 |
| 2002-03 | എൽ.എഫ്.ഐ-6/596/2004 തീ.05.01.2005 |
| 2003-04 | എൽ.എഫ്.ഐ-6/603/2005 തീ.13.03.2006 |
| 2004-05 | എൽ.എഫ്.ഐ-6/947/2006 തീ.06.07.2007 |
| 2005-06 | എൽ.എഫ്.ഐ-6/1054/2007 തീ.14.08.2008 |
| 2006-07 | എൽ.എഫ്.ഐ-6/885/2008 തീ.01.07.2009 |
| 2007-08 | എൽ.എഫ്.ഐ-6/244/2009 തീ.15.03.2010 |
| 2008-09 | എൽ.എഫ്.ഐ-9/755/2010 തീ.15.09.2012 |
| 2009-10 | എൽ.എഫ്.ഐ-9/82/2012 തീ.15.09.2012 |
| 2010-11 | എൽ.എഫ്.ഐ-9/83/2012 തീ.07.09.2012 |
| 2011-12 | എൽ.എഫ്.ഐ-9/109/2013 തീ.12.06.2014 |
| 2012-13 | എൽ.എഫ്.ഐ-9/1021/2014 തീ.12.12.2014 |
| 2013-14 | എൽ.എഫ്.ഐ-9/486/2015 തീ.30.07.2015 |

| | |
|---|---|
| 2014-15 | എൽ.എഫ്.ഐ-9/145/2016 തി.28.03.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ.-9/1711/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

Phone No : 04862 227332

E-mail : doidk.ksad@kerala.gov.in
തീയതി:30.12.2016

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2015-2016ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

AUDIT CERTIFICATE

No.KSA/IDK-9/1711/2016.

Kerala State Audit Department

District Audit Office, Idikki
Dated : 30.12.2016.

Phone No : 04862 227332

E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of ERATTAYAR Grama Panchayath in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts of Panchayath Raj Instituitions.

In my opinion, the Financial Statements of ERATTAYAR Grama Panchayath for the 2015-16, except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

IDUKKI